# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:2934

07.12.2018-ലെ മറുപടി

### ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി.എ. റഹീം | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിൽ അനാവശ്യ കാലതാമസം വരുത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ വീഴ്ച വരാനിടയായ സാഹചര്യം വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല; ജൈക്ക ധനസഹായത്തോടെയുള്ള കുടിവെള്ള പദ്ധതി കോഴിക്കോട് കോർപ്പറേഷനും 13 അനുബന്ധ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള വിതരണ പദ്ധതിയായിട്ടാണ് വിഭാവനം ചെയ്തത്. ഈ പദ്ധതി 5 പാക്കേജുകളായി കരാർ നൽകുകയും 4 പാക്കേജുകളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിദിനം 174 ദശലക്ഷം (എം.എൽ.ഡി) ശേഷിയുള്ള ജലശുദ്ധീകരണശാല പൂർണ്ണ തോതിൽ പ്രവർത്തനസജ്ജമാണ്. പദ്ധതിയുടെ 20 ജലസംഭരണികളുടെ പണിയും അതിലേയ്ക്കുള്ള പ്രധാന പൈപ്പ്ലൈനുകളുടെ പ്രവൃത്തികളും (ചേളന്നൂർ ജലസംഭരണിയിലേയ്ക്കുള്ള പൈപ്പ് ലൈൻ 150 മീറ്റർ ഒഴികെ) പൂർത്തീകരിച്ചു വിതരണ ശൃംഖലയുടെ പ്രവൃത്തികളിലാണ് പദ്ധതിയിൽ ഇപ്പോൾ കാലതാമസം നേരിടുന്നത്. 1854 കിലോമീറ്റർ വരുന്ന വിതരണ ശൃംഖലയുടെ പ്രവൃത്തി കരാർ എടുത്ത കെ. രാമകൃഷ്ണ കോൺട്രാക്റ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി 2006 ൽ ജോലികൾ ആരംഭിച്ചെങ്കിലും കരാറുകാരുടെ അനാസ്ഥ മൂലം 2010-ൽ കരാർ നിർത്തലാക്കുകയും 2012 ൽ ശ്രീറാം ഇ.പി.സി ലിമിറ്റഡ് എന്ന കമ്പനിക്ക് വീണ്ടും കരാർ നൽകുകയും ചെയ്തു. കരാറുകാരുടെ സാമ്പത്തിക ബുദ്ധിമുട്ടുകളും സമയാസമയത്ത് ലഭിക്കേണ്ട അനുമതികൾ വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കാത്തതും ജോലികൾ പൊതുവായി ജനങ്ങൾ തടയുന്നതും പ്രവൃത്തിയുടെ പുരോഗതിയെ |

| ചോദ്യം | മറുപടി |
|---|---|
| | ബാധിച്ചിട്ടുണ്ട്. കൂടാതെ മുൻ കോൺട്രാക്ടർ സ്ഥാപിച്ച പൈപ്പ് ലൈനുകളിലെ ഗ്യാപ്പുകൾ കണ്ടെത്തി പൈപ്പുകൾ കൂട്ടി യോജിപ്പിക്കുന്ന പ്രവൃത്തിക്ക വളരെ സമയം വേണ്ടിവരുന്നു. എങ്കിലും ഏകദേശം 70 ശതമാനം പ്രവൃത്തികൾ പൂർത്തിയായി.<br>ബേപ്പൂർ, കടലുണ്ടി മേഖലകളിലെ വിതരണ ശൃംഖലയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു ജല വിതരണം ആരംഭിച്ചിട്ടുണ്ട്.<br>ചെറുവണ്ണൂർ മേഖലയിൽ എൻ.എച്ചിലെ അനുമതി ലഭ്യമാക്കി ഇപ്പോൾ പണി നടന്നുവരുന്നു. എന്നാൽ വാഹനങ്ങളുടെ ബാഹുല്യവും കെ.എസ്.ഇ.ബി, ബി.എസ്.എൻ.എൽ, ഡിഫൻസ് എന്നീ വകുപ്പുകളുടെ കേബിളുകളും നിരപ്പിന്റെ പാർശ്വങ്ങളിൽ ഉള്ളതിനാൽ പൈപ്പിനു വേണ്ടി കുഴിയെടുക്കുന്നതിൽ ഉദ്ദേശിച്ചതിലും കൂടുതൽ കാലതാമസം നേരിടുന്നു. ഈ മേഖലയിൽ പ്രവൃത്തികൾ ഡിസംബർ അവസാന ത്തോടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.<br>ചേളന്നൂർ മേഖലയിലെ ടാങ്കിലേക്ക് വരുന്നതും ടാങ്കിൽ നിന്നും ഇറങ്ങുന്നതുമായ പ്രധാന പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി (എസ്.എൻ കോളേജിന് സമീപം) എസ്.എൻ കോളേജ് അധികൃതർ സ്ഥലം ലഭ്യമാക്കാത്തതിനാൽ തടസ്സപ്പെട്ടിരിക്കുകയാണ്.<br>കോവൂർ മേഖലയിൽ 75 കിലോമീറ്ററിൽ 13 കിലോമീറ്ററും, പൊറ്റമ്മൽ മേഖലയിൽ 52 കിമീറ്ററിൽ 14 കിലോമീറ്ററും പൂർത്തീകരിക്കാനുണ്ട്. പൊതുമരാമത്തുവകുപ്പിന്റെ അനുമതിക്ക് വേണ്ടി കേരള വാട്ടർ അതോറിറ്റി അപേക്ഷ നൽകിയിട്ടുണ്ട്. അനുമതി ലഭിച്ചാൽ മാത്രമേ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.<br>ഈസ്റ്റ് ഹിൽ, മാലാപ്പറമ്പ്, ബാലമന്ദിരം, ഇരവത്ത് കുന്ന് (നോർത്ത്) മേഖലകളിൽ എൻ.എച്ചിന്റെ അനുമതി ലഭിക്കാനുണ്ട്. അനുമതി ഉടൻ ലഭിച്ചാൽ മെയ് 2019-നു പൂർത്തീകരിക്കുന്ന രീതിയിലാണ് കരാറുകാർ വർക്ക് പ്രോഗ്രാം നൽകിയിട്ടുള്ളത്.<br>എരവത്തുകുന്ന് (സൌത്ത്) മേഖലയിൽ റോഡ് ഫണ്ട് ബോർഡിന്റെ അനുമതിയും ലഭിക്കാനുണ്ട്. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | മാനാഞ്ചിറ – വെള്ളിമാട്ടു കുന്ന് റോഡിന്റെ വീതി കൂട്ടുന്ന ജോലികൾ ആരംഭിച്ചതിനാൽ എൻ.എച്ച് 212 ൽ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികളും ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഉടൻ അനുമതികൾ ലഭിക്കുന്ന പക്ഷം 2019 മെയ് മാസത്തിനുള്ളിൽ ജോലികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സ്റ്റീഫൻകുന്നിൽ തലക്കുളത്തൂർ ടാങ്കിലേയ്ക്കുള്ള റോഡിന്റെ അവകാശത്തെ സംബന്ധിച്ച് ബഹു. കോഴിക്കോട് അഡീഷണൽ മുൻസിഫ് കോടതിയുടെ ഇടക്കാല ഉത്തരവിനെ തുടർന്ന് എലത്തൂർ, തലക്കുളത്തൂർ മേഖലകളിലേയ്ക്ക് പൊതുവായി, തലക്കുളത്തൂർ സ്റ്റീഫൻകുന്നിൽ സ്ഥാപിച്ചിട്ടുള്ള ടാങ്കിൽ നിന്നും വിതരണക്കുഴൽ സ്ഥാപിക്കുന്നതിന് സാധിച്ചിട്ടില്ല. കൂടാതെ എലത്തൂർ മേഖലയിൽ എലത്തൂർ മുതൽ പാവങ്ങാട് വരെ പൈപ്പ് സ്ഥാപിക്കുന്നതിന് ദേശീയ പാതാ വിഭാഗത്തിന്റെ അനുമതിയും ആവശ്യമാണ്. ബാലുശ്ശേരി മേഖലയിൽ പൂർണ്ണമായും നന്മണ്ട, കുന്ദമംഗലം, കക്കോടി, കുരുവട്ടൂർ മേഖലകളിൽ ഭാഗികമായും ജലവിതരണം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജൈക്ക പദ്ധതിയിൽ വിഭാവനം ചെയ്ത 1854 കിലോമീറ്റർർ വിതരണ ശൃംഖലയിൽ ഇതുവരെ 1421 കിലോമീറ്റർ സ്ഥാപിച്ചുകഴിഞ്ഞു. ബാക്കി പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. |
| (ബി) | ആവശ്യമായ പെപ്പുകളിട്ട് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാൻ എപ്പോൾ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് റോഡ് കുഴിച്ച് പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമാകുന്ന പക്ഷം 2019 മെയ് മാസത്തിനുള്ളിൽ ജോലികൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**